**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4016** **27-10-2021 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഭിന്നശേഷി സൗഹൃദ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി** | | **Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളെ ഭിന്നശേഷി സൗഹൃദ കേന്ദ്രങ്ങളാക്കുന്നതിന് വിഭാവനം ചെയ്യുന്ന പദ്ധതികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | (എ) | തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ കെട്ടിടങ്ങളെ ഭിന്നശേഷി സൗഹൃദ കേന്ദ്രങ്ങളാക്കുന്നതിന് വിവിധ തലത്തിൽ നടപടി സ്വീകരിച്ച് വരുന്നുണ്ട്. ഗ്രാമ-ബ്ലോക്ക് പഞ്ചായത്ത് കെട്ടിടങ്ങൾ ഭിന്നശേഷി സൗഹൃദം കൂടി ഉറപ്പുവരുത്തി ISO സർട്ടിഫിക്കേഷൻ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പുതുതായി നിർമിക്കുന്ന കെട്ടിടങ്ങളിലും നിലവിലുള്ള ഘടകസ്ഥാപനങ്ങൾ ഉൾപ്പെടെയുള്ളവയുടെ കെട്ടിടങ്ങളിലും റാമ്പുകൾ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നുണ്ട്. |
| (ബി) | ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നിലവിൽ നടപ്പിലാക്കിവരുന്ന പദ്ധതികളും അവയുടെ ഗുണഭോക്താക്കളുടെ അർഹതാ മാനദണ്ഡങ്ങളും വിശദമാക്കുമോ? | (ബി) | പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ ഗ്രാമ-ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾ പൊതു വിഭാഗം വികസന ഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെൻഡേഴ്സ് എന്നിവരുടെ വികസനത്തിന് വകയിരുത്തണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ആയത് പ്രകാരം ഭിന്നശേഷിയുള്ളവർക്ക് വേണ്ടിയുള്ള ക്ഷേമ പരിപാടികൾ പ്രത്യേക പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്. ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഏറ്റവും കുറഞ്ഞത് 40% എങ്കിലും വൈകല്യം ഉണ്ടായിരിക്കേണ്ടതാണ്. ഭിന്നശേഷി വിഭാഗത്തിൽപെട്ടവർക്ക് എ.പി.എൽ/ ബി.പി.എൽ എന്ന വേർതിരിവില്ലാതെ ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനും, തൊഴിൽപരിശീലനത്തിനും സ്വയംതൊഴിൽ സംരംഭങ്ങൾക്കും ഭിന്നശേഷി വിദ്യാർത്ഥികൾക്ക് ബത്തയും സ്കോളർഷിപ്പും അനുവദിക്കുന്നതിനും, ഭിന്നശേഷിക്കാരായ കുട്ടികളുടെ ശാരീരിക മാനസികോല്ലാസത്തിന് |

| | | | |
|---|---|---|---|
| | | | സഹായകമായതും അവർക്ക് പങ്കെടുക്കാൻ കഴിയുന്നതുമായ ഇനങ്ങൾ ഉൾപ്പെടുത്തി കൊണ്ട് ഭിന്നശേഷി കായിക- കലാ മത്സരങ്ങൾ ഉൾപ്പെടുത്തി കൊണ്ടുള്ള പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. 40% ലേറെ ശാരീരിക വൈകല്യമുള്ള ലേണേഴ്സ് ലൈസൻസ് ഉള്ളവർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടറുകൾ വാങ്ങി നൽകുന്ന പദ്ധതികളും ഏറ്റെടുക്കാറുണ്ട്. പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗരേഖ അനുബന്ധം 1 ആയും പദ്ധതി മാനദണ്ഡങ്ങൾ നിർദ്ദേശിക്കുന്ന സബ്സിഡി മാർഗരേഖ അനുബന്ധം 2 ആയും ഇതോടൊപ്പം നൽകുന്നു. |

സെക്ഷൻ ഓഫീസർ